## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6695** **21-03-2023 - ൽ മറുപടിയ്ക്ക്**

## വിനോദസഞ്ചാര മേഖലയിലെ സ്ത്രീസാന്നിദ്ധ്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര മേഖലയിൽ സർക്കാർ നിക്ഷേപം വർദ്ധിപ്പിച്ച് കൊണ്ട് ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കുമോ; വിശദമാക്കാമോ; | (എ) | നിലവിലെ സർക്കാർ ഫണ്ട് ഉപയോഗിച്ച് ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നുണ്ട് . അടിസ്ഥാന സൗകര്യ വിസനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപം കൂടി ഉൾപ്പെടുത്തി ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി നടപ്പാക്കി വരികയാണ് . കൂടാതെ സ്വകാര്യ സംരംഭകരെ കൂടി പ്രോത്സാഹിപ്പിച്ച് ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കി വരികയാണ് . |
| (ബി) | വിനോദസഞ്ചാര മേഖലയിൽ സ്ത്രീ സാന്നിധ്യം ഉയർത്തുന്നതിന് വേണ്ടി പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങളിൽ സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് മുൻതൂക്കം നൽകുന്നുണ്ട് . ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള 660 ലക്ഷം രൂപയിൽ 50 ശതമാനം തുക സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങൾക്കായി നീക്കിവെക്കാൻ തീരുമാനിച്ചിട്ടുണ്ട് . സ്ത്രീകൾക്ക് അധികനിക്ഷേപം കൂടാതെ വിനോദ സഞ്ചാര മേഖലയിൽ നിന്നും വരുമാനം ലഭിക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട് . എത്തിക് ക്യുസിൻ , കരകൗശല നിർമ്മാണം, സ്ത്രീകൾ നടത്തുന്ന ഹോംസ്റ്റേകൾ, തുണി സഞ്ചി നിർമ്മാണം , പേപ്പർ ബാഗ് നിർമ്മാണം തുടങ്ങിയ അനവധി മേഖലകളിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ പരിശീലനം നൽകുകയും പരിശീലനം ലഭിച്ചവർ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്ത് സ്വയം തൊഴിൽ ആരംഭിച്ച് വരുമാനം നേടുന്നു. ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത യൂണിറ്റുകൾക്ക് അവരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ ഓൺലൈൻ പ്ലാറ്റ് ഫോമും ഒരുക്കിയിട്ടുണ്ട് . നിലവിൽ 23786 വ്യക്തിഗത/ഗ്രൂപ്പ് യൂണിറ്റുകൾ ഉണ്ട് . അതിൽ 16660 യൂണിറ്റുകൾ സ്ത്രീകളുടെ ഉടമസ്ഥതയിലുള്ള, തുണി |

| | | | |
|---|---|---|---|
| | | | ബാഗ് നിർമ്മാണ യൂണിറ്റുകൾ, പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റുകൾ, കരകൗശല നിർമ്മാണ യൂണിറ്റുകൾ, വിവിധ കാർഷിക യൂണിറ്റുകൾ, കാർഷിക വിതരണ യൂണിറ്റുകൾ , കലാകാരന്മാർ, കരകൗശല വിദഗ്ധർ, ആർ.ടി. ഡ്രൈവർമാർ, കമ്മ്യൂണിറ്റി ടൂർ നേതാക്കൾ, ഫാം വിസിറ്റ് യൂണിറ്റുകൾ, ഹോം സ്റ്റേകൾ, ഫാം സ്റ്റേകൾ, ടെൻഡഡ് അക്കോമഡേഷൻ യൂണിറ്റുകൾ, പാചക യൂണിറ്റുകൾ തുടങ്ങിയ വിവിധ വിഭാഗങ്ങൾ ആർ.ടി. മിഷന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് . നിലവിൽ നേരിട്ട് 24860 സ്ത്രീകൾ വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട വരുമാനമുണ്ടാക്കുന്നു .<br><br>സ്ത്രീകളുമായി ബന്ധപ്പെട്ട വിനോദ സഞ്ചാരത്തിന്റെ വിവിധ വശങ്ങൾ ഉൾക്കൊള്ളുന്ന പ്രത്യേക സ്ത്രീ സൗഹാർദ്ദ ടൂറിസം പദ്ധതിക്ക് മിഷൻ ഈ സാമ്പത്തിക വർഷം തുടക്കമിട്ടു . പദ്ധതിയുടെ ഭാഗമായി പരിശീലനങ്ങൾ ആരംഭിച്ചു . ഒന്നര ലക്ഷത്തോളം സ്ത്രീകളെ ഉൾപ്പെടുത്തി സ്ത്രീ യാത്രികരും സ്ത്രീ സംരംഭകരുമായി ചേർന്നുള്ള ഒരു വിപുലമായ സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര ശൃംഖല രൂപപ്പെടുത്തുന്നതിനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമാക്കുന്നത് . ആയിരത്തോളം സ്ത്രീകൾ ഇതിനോടകം തന്നെ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു . 1000 പേർക്ക് ഓൺലൈൻ പരിശീലനം പൂർത്തിയായി കഴിഞ്ഞു. കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും ഈ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാനും, പടിപടിയായി കേരളത്തെ മുഴുവനായും ഒരു സ്ത്രീ സൗഹാർദ്ദ വിനോദ സഞ്ചാര കേന്ദ്രമാക്കി മാറ്റുവാനുമാണ് ഇതു വഴി ലക്ഷ്യമാക്കുന്നത് . മൂന്ന് വർഷത്തിനുള്ളിൽ ഓരോ ഗ്രാമത്തിലും കുറഞ്ഞത് 30 പേർ വിവിധ തരത്തിൽ ഈ ശൃംഖലയുടെ ഭാഗമാകും . സ്ത്രീകൾക്കുവേണ്ടി പ്രത്യേക ടൂർ പാക്കേജുകൾ സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതിയുടെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിക്കും. |

സെക്ഷൻ ഓഫീസർ